ഉത്തരം

1-4-2015-ന് ശേഷം ബഹു. പ്രതിപക്ഷ നേതാവ് ശമ്പളമിനത്തിൽ 1,61,929 (ഒരുലക്ഷത്തി അറുപത്തിയൊന്നായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒൻപത്) രൂപയും, ടി.എ.-ഡി.എ. ഇനത്തിൽ 10,939 (പതിനായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊൻപത്) രൂപയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 21,743 (ഇരുപത്തിയൊന്നായിരത്തി എഴുന്നൂറ്റി നാൽപത്തിമൂന്ന്) രൂപയും ക്ലെയിം ചെയ്തിട്ടുണ്ട്.

എൻ.ജി.ഒ.-കളുടെ പ്രവർത്തനം

7(7) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ എത്ര സർക്കാർ പദ്ധതികൾ/പ്രോജക്ടുകൾ എൻ.ജി.ഒ.-മാർ മുഖേന നടപ്പിലാക്കുന്നുണ്ട് ;

(ബി) ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ എത്രകോടി രൂപയുള്ളതാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾക്കെല്ലാം രജിസ്ട്രേഷൻ ഉള്ളവയാണോ ;

(ഡി) രജിസ്ട്രേഷൻ ഉള്ളതും ഇല്ലാത്തതുമായ എത്ര എൻ.ജി.ഒ.-കൾ കേരളത്തിലുണ്ട്; ഇപ്രകാരമുള്ള എൻ.ജി.ഒ.-കളുടെ ഓഡിറ്റിംഗ് കൃത്യമായി നടക്കുന്നുണ്ടോ; ഇവരിൽ നിന്നും ഏതെല്ലാം ഇനങ്ങളിലാണ് റവന്യൂ ലഭിക്കുന്നത്; വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര എൻ.ജി.ഒ.കൾക്ക് വിദേശ ഫണ്ട് ലഭിക്കുന്നുണ്ട്; എങ്കിൽ എത്ര കോടിയെന്ന് വ്യക്തമാക്കാമോ; കേരളത്തിൽ ഏതെല്ലാം പദ്ധതികളാണ് വിദേശ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളിലായി അനുവദിച്ച അധിക തസ്തികകൾ

8 (8) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വകുപ്പിലും അനുവദിച്ച തസ്തികകൾ എത്രയാണെന്ന് വിശദമാക്കാമോ;

(സി) പുതിയ തസ്തികകൾ അനുവദിച്ചതുമൂലം സർക്കാരിന് എത്ര സാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ 46 തസ്തികകളും സൈനികക്ഷേമ വകുപ്പിൽ രണ്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളെക്കുറിച്ചും സാമ്പത്തിക ബാധ്യതയെക്കുറിച്ചുമുള്ള വിവരം ശേഖരിച്ചുവരുന്നു.

ആശ്രിത നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തതിനെതിരെ നടപടി

9(9) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് ഉത്തരവ് ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തത് ; ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ആയതിന്റെ നിയമന സാധ്യത വിശദമാക്കുമോ ?

ഉത്തരം

(എ) ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി, 6-7-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 174/12/ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 2-9-2013-ലെ ജി.ഒ.(എംഎസ്) നമ്പർ 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചത്. കൂടാതെ 2-6-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 131/2014/ ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly